## കോഴിക്കോടിന്റെ കാർഷിക ചലഞ്ചിന് തുടക്കം

കോവിഡ് 19 രോഗ പ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ക് ഡൗൺ കാലത്ത് അയൽക്കൂട്ട അംഗങ്ങൾക്ക് കാർഷിക പ്രവർത്തനങ്ങളിലൂടെ മാനസികോല്ലാസമേകുന്നതിനും വിഷരഹിത പച്ചക്കറി ഉപഭോഗത്തിലൂടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതും ലക്ഷ്യമിട്ട് കോഴിക്കോട് കുടുംബശ്രീ ജില്ലാ മിഷൻ സംഘടിപ്പിക്കുന്ന കാർഷിക ചലഞ്ചിന് തുടക്കം. 'ആരോഗ്യ കേരളം ജനാധിപത്യ കുടുംബം വിഷരഹിത ഭക്ഷണം' എന്ന പേരിൽ കൃഷിയും (വെജിറ്റബിൾ ചലഞ്ച്) പാചക മത്സരങ്ങളുമാണ് (മൈക്രോ ഗ്രീൻ കുക്കറി ഷോ) കോഴിക്കോട് ജില്ലാമിഷൻ സംഘടിപ്പിക്കുന്നത്. ഓൺലൈൻ സംവിധാനങ്ങളാണ് മത്സരം സംഘടിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. വെജിറ്റബിൾ ചലഞ്ചിന് 363 പേരും മൈക്രോ ഗ്രീൻ കുക്കറി ഷോയ്ക്ക് 312 പേരും രജിസ്റ്റർ ചെയ്തു.

1. വെജിറ്റബിൾ ചലഞ്ച്

ജൈവവളവും ജൈവ കീടനാശിനിയും മാത്രം ഉപയോഗിച്ച് തീർത്തും ജൈവികമായ രീതിയിൽ കാർഷിക വിളകൾ കൃഷി ചെയ്യുന്ന മത്സരമാണിത്. എല്ലാ പ്രവർത്തനങ്ങളുടെയും വീഡിയോകൾ എടുത്ത് അത് അപ് ലോഡ് ചെയ്താണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. നിലം ഒരുക്കൽ, വിത്ത് നടൽ, പരിപാലനം, പൂവിടൽ ആദ്യ കായ്ഫലം, വിളവെടുപ്പ് എന്നിങ്ങനെ അഞ്ച് ഘട്ടങ്ങളുടെ 2 മിനിറ്റുള്ള വീഡിയോകൾ എടുത്ത് നിശ്ചിത സമയ പരിധിക്കുള്ളിൽ അപ് ലോഡ് ചെയ്യുകയാണ് ചെയ്യേണ്ടത്. ഇന്ന് (ഏപ്രിൽ 22) മുതൽ ജൂലൈ 17 വരെയാണ് മത്സരകാലയളവ്. മൂന്നാം ഘട്ടം കഴിയുമ്പോൾ ഓരോ ബ്ലോക്കിൽ നിന്നും മൂന്ന് വീതം കുടുംബങ്ങളെ

തെരഞ്ഞെടുക്കുകയും ഇവർക്ക് 501 രൂപ പ്രോത്സാഹന സമ്മാനമായി നൽകുകയും ചെയ്യും. അഞ്ചാം ഘട്ടത്തിൽ വിജയികളാകുന്നവർക്ക് 5000, 3000, 2000 എന്നിങ്ങനെ ക്യാഷ് പ്രൈസോ അല്ലെങ്കിൽ തുല്യവിലയ്ക്കുള്ള സമ്മാനങ്ങളോ നൽകും.

2. മൈക്രോ ഗ്രീൻ കുക്കറി

പച്ചക്കറി വിത്തുകൾ മുളപ്പിച്ചെടുക്കുന്ന ചെറു തൈകളാണ് പച്ചക്കറികളിലെ പുതിയ താരമായ മൈക്രോ ഗ്രീൻ. ഇവ ഉപയോഗിച്ചുള്ള പാചക മത്സരമാണിത്. ഇന്ന് (ഏപ്രിൽ 22) മുതൽ മേയ് 8 വരെയുള്ള കാലയളവിൽ മൂന്ന് ഘട്ടങ്ങളായാണ് ഈ മത്സരം. വിത്ത് നടൽ, പരിപാലനം, ആഹാരപദാർത്ഥം തയ്യാറാക്കൽ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളുടെയും വീഡിയോകൾ ആണ് മത്സരത്തിന് പങ്കെടുക്കുന്നവർ തയ്യാറാക്കി അപ് ലോഡ് ചെയ്യേണ്ടത്. മേയ് 15ന് വിജയികളെ പ്രഖ്യാപിക്കും. മികച്ച അവതരണത്തിനും പാചക കൂട്ടിനുമാണ് സമ്മാനങ്ങൾ. 3000, 2500, 2000 എന്നിങ്ങനെയാണ് സമ്മാനത്തുക.

രണ്ട് മത്സരങ്ങൾക്കായും രജിസ്റ്റർ ചെയ്തവർക്ക് വീഡിയോകൾ അപ് ലോഡ് ചെയ്യുന്നതിനായി നിശ്ചിത ലിങ്കുകൾ (12 ബ്ലോക്കുകൾക്കും വെവ്വേറെ) നൽകിയിട്ടുണ്ട്. ജില്ലാമിഷൻ ജീവനക്കാർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റിയാണ് ഈ പരിപാടിയുടെ നടത്തിപ്പ് നിർവ്വഹിക്കുക.